# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 76 — 11.06.2014-ൽ മറുപടിക്ക്

## ഗാന്ധിഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഐ.സി. ബാലകൃഷ്ണൻ**<br>**ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ** | **ശ്രീ. എ.പി. അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഗാന്ധിഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;<br><br>ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | എ) & ബി) ഉണ്ട് ; ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പട്ടികജാതി കോളനികളിൽ പശ്ചാത്തല സൗകര്യ വികസനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. |
| സി) പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ; | സി) സംസ്ഥാനത്ത് 14 കോളനികളിലാണ് ഗാന്ധി ഗ്രാമം എന്ന പേരിൽ കോളനികളുടെ വികസനത്തിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ അണ്ടൂർകോണം പഞ്ചായത്തിലെ അപ്പോളോ കോളനി, തൃശ്ശൂർ ജില്ലയിൽ മാള പഞ്ചായത്തിലെ കുന്നത്തുകാട് എസ്.സി. കോളനി എന്നിവ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നതിനാൽ 2013-14 വർഷത്തെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കിയുള്ള 12 കോളനികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ഡി) ഗാന്ധിഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ജില്ലാടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയ താഴെപ്പറയുന്ന നിർവ്വഹണ ഏജൻസികൾ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പരിശോധിച്ചു തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

<u>നിർവ്വഹണ ഏജൻസികൾ</u>

| | | |
|---|---|---|
| 1 | കൊല്ലം | എഫ്.ഐ.റ്റി. |
| 2 | പത്തനംതിട്ട | " |
| 3 | ആലപ്പുഴ | " |
| 4 | കോട്ടയം | " |
| 5 | ഇടുക്കി | " |
| 6 | എറണാകുളം | " |
| 7 | പാലക്കാട് | ജില്ലാ നിർമ്മിതി കേന്ദ്രം |
| 8 | മലപ്പുറം | സിഡ്കോ |
| 9 | കോഴിക്കോട് | " |
| 10 | വയനാട് | " |
| 11 | കണ്ണൂർ | " |
| 12 | കാസർഗോഡ് | " |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം. | ജില്ല | ഗ്രാമ പഞ്ചായത്ത് | കോളനി |
|---|---|---|---|
| 1. | കൊല്ലം | പോരുവഴി | കറുമ്പുകര  പട്ടികജാതി കോളനി |
| 2. | പത്തനംതിട്ട | കടമ്പനാട് | പാണ്ടി മലപ്പുറം എസ്. സി. കോളനി |
| 3. | ആലപ്പുഴ | നീലംപേരൂർ | കണിയന്തറ എസ്. സി. കോളനി |
| 4. | കോട്ടയം | തലയോലപ്പറമ്പ് | കോരിക്കൽ പഴംപെട്ടി അംബേദ്കർ ലക്ഷം വീട് കോളനി |
| 5. | ഇടുക്കി | അടിമാലി | ചില്ലിത്തോട് എസ്. സി. കോളനി |
| 6. | എറണാകുളം | കുന്നത്തുനാട് | ചാക്കിയത്ത്മല എസ്. സി. കോളനി |
| 7. | പാലക്കാട് | വിളയൂർ | പൂക്കാടംകുന്ന് എസ്. സി. കോളനി |
| 8. | മലപ്പുറം | വേങ്ങര പഞ്ചായത്ത് | ഗാന്ധിക്കുന്ന് എസ്. സി. കോളനി |
| 9. | കോഴിക്കോട് | അത്തോളി | തയ്യിൽ മീത്തൽ  കോളനി |
| 10. | വയനാട് | സുൽത്താൻ ബത്തേരി | തേലംമ്പറ്റ എസ്. സി. കോളനി |
| 11. | കണ്ണൂർ | കൊട്ടിയൂർ | പാൽച്ചുരം എസ്. സി. കോളനി |
| 12. | കാസർഗോഡ് | ബദിയടുക്ക | ഗോളിയടുക്ക എസ്. സി. കോളനി |

സെക്ഷൻ ഓഫീസർ